# Athmaraksha.org

പാപ്പ ലോകത്തിനു നൽകുന്ന സന്ദേശം

## നമുക്ക് ഒരു അമ്മയുണ്ടെന്നു ഓർമ്മിക്കുക :ഫ്രാൻസീസ് പാപ്പാ



ഡിസംബർ 12, തിങ്കളാഴ്ച ഗ്വാദലൂപെ മാതാവിന്റെ തിരുനാളിനോടനുബന്ധിച്ച് വത്തിക്കാനിലെ വി. പത്രോസിന്റെ ബസിലിക്കയിൽ വൈകുന്നേരം ആറുമണിക്കർപ്പിച്ച ദിവ്യബലിമധ്യേ ഫ്രാൻസീസ്പാപ്പാ നൽകിയ വചനസന്ദേശത്തിൽ നിന്ന്:

കർത്താവ് അരുളിച്ചെയ്ത കാര്യങ്ങൾ നിറവേറുമെന്ന് വിശ്വസിച്ചവൾ ഭാഗ്യവതി (ലൂക്കാ 1:45) എന്ന വാക്കുകളാലഭിഷേചിച്ചുകൊണ്ടാണ് എലിസബത്ത് പരി. കന്യകയുടെ സാന്നിധ്യത്തെ തന്റെ ഭവനത്തിൽ സ്വീകരിച്ചത്. മറിയത്തിന്റെ ഉദരത്തിലുരുവിച്ച വചനം അവളുടെ സന്ദർശനവേളയിൽ എല്ലാവരിലും പ്രതിധ്വനിക്കുകയാണ്. നിന്റെ അഭിവാദന സ്വരം എന്റെ ചെവികളിൽ പതിച്ചപ്പോൾ, ശിശു എന്റെയുദരത്തിൽ സന്തോഷത്താൽ കുതിച്ചുചാടി. കർത്താവ് അരുളിച്ചെയ്തകാര്യങ്ങൾ നിറവേറുമെന്നു വിശ്വസിച്ചവൾ ഭാഗ്യവതി (ലൂക്കാ 1:44-45).

നമ്മുടെ കുഞ്ഞുങ്ങൾക്കുവേണ്ടി നാം നിർമിക്കുന്ന സമൂഹം വർധിച്ചുവരുന്ന വിഭജനത്തിന്റെയും ചിതറിക്കലിന്റെയും അടയാളങ്ങൾകൊണ്ടു മുദ്രിതമായിരിക്കുന്ന ഒന്നാണ്. എങ്ങനെയാണ് ആയിരക്കണക്കിനു കുഞ്ഞുങ്ങളും യുവജനങ്ങളും തെരുവുകളിൽ അലയുമ്പോൾ, അവർ അധാർമികപ്രവൃത്തികൾക്കായി നിർബന്ധിക്കപ്പെടുന്ന ജീവിതസാഹചര്യങ്ങളിൽ ആയിരിക്കുമ്പോൾ, അല്ലെങ്കിൽ നമ്മുടെ വാഹനങ്ങളുടെ ഗ്ലാസ്സുകൾ തുടച്ചുകൊണ്ടു ചില്ലിപ്പൈസകൾ സമ്പാദിക്കുന്നതു കാണുമ്പോൾ ക്ഷേമസമൂഹമാണ് നാമ്മുടേതെന്ന് നമുക്ക് അഹങ്കരിക്കാൻ കഴിയുന്നതെങ്ങനെ? എത്ര വയോജനങ്ങളാണ് ഏകാന്തതയിലായിരിക്കുവാൻ നിർബന്ധിക്കപ്പെടുന്നത്? എത്രയെത്ര സ്ത്രീകളാണ് തങ്ങളുടെ അഭിമാനം സംരക്ഷിക്കാനാകാത്ത സാഹചര്യങ്ങളിൽ ആയിരിക്കുന്നത്? എത്രയോ കുട്ടികളാണ് കുടുംബത്തിലും പുറത്തും പീഡിപ്പിക്കപ്പെടുന്നത്?

ഇങ്ങനെയുള്ള എല്ലാ സാഹചര്യങ്ങളിലും എലിസബത്തിന്റെ വാക്കുകളോർക്കാം. വിശ്വസിച്ചവൾ ഭാഗ്യവതി. വിശ്വസിച്ചവളായ മറിയത്തെ ആഘോഷിക്കുകയെന്നാൽ നമുക്കൊരമ്മയുണ്ട് എന്നോർമിക്കുകയാണ്. നാം അനാഥരായ ജനമല്ല. അമ്മയെവിടെയുണ്ടോ

അവിടെ വീടിന്റെ സാന്നിധ്യവും രുചിയുമുണ്ട്.  ഇതാ നമ്മുടെ അമ്മ. അവളുടെ തണൽ, അവളുടെ സംരക്ഷണം അതു നമ്മുടെ ആനന്ദത്തിന്റെ ഉറവിടമാണ് എന്ന് ഉദ്ബോധിപ്പിച്ച പാപ്പാ അമ്മയുടെ മാധ്യസ്ഥം അപേക്ഷിച്ചുകൊണ്ടാണ് തന്റെ വചനസന്ദേശം അവസാനിപ്പിച്ചത്.

കടപ്പാട് : ml.radiovaticana.va